# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3171**

13/10/2011 ൽ മറുപടിക്ക്

**<u>അന്നപൂർണ്ണ-അന്ത്യയോജന പദ്ധതി പ്രകാരമുള്ള അരി വിതരണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻസർക്കാർ രണ്ട് രൂപാ നിരക്കിൽ നൽകിയിരുന്ന അരി എല്ലാ കുടുംബങ്ങൾക്കും ഒരു രൂപാ നിരക്കിൽ നൽകുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ ബാക്കിയുള്ള കുടുംബങ്ങൾക്ക് രണ്ട് രൂപാ നിരക്കിൽ എത്ര കി.ഗ്രാം അരിയാണ് ഇപ്പോൾ നൽകിവരുന്നത്; | (ബി) | പരമാവധി 12 കിലോഗ്രാം അരിയാണ് പ്രതിമാസം നല്കി വരുന്നത്. |
| (സി) | അന്നപൂർണ്ണ-അന്ത്യയോജനപദ്ധതി പ്രകാരം ഒരു കുടുംബത്തിന് എത്ര കി. ഗ്രാം അരിയാണ് ഇപ്പോൾ നൽകുന്നത്; ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ട് ; | (സി) | അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു കുടുംബത്തിന് പ്രതിമാസം 35 കിലോഗ്രാം അരി 1/- രൂപ നിരക്കിലും അന്നപൂർണ്ണ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 10 കിലോഗ്രാം അരി പ്രതിമാസം സൗജന്യമായും ഇപ്പോൾ നല്കി വരുന്നു. അന്നപൂർണ്ണ പദ്ധതിയിൽ 34313 ഗുണഭോക്താക്കളും അന്ത്യോദയ അന്നയോജന പദ്ധതിയിൽ 5.96 ലക്ഷം കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | എ.പി.എൽ. കാർഡുടമകൾക്ക് എത്ര രൂപാ നിരക്കിലാണ് അരി വിതരണം നടത്തുന്നത്; മാസത്തിൽ എത്ര കിലോഗ്രാം അരിയാണ് നൽകുന്നത്? | (ഡി) | എ.പി.എൽ വിഭാഗത്തിൽ സബ്സിഡിക്ക് അർഹതയില്ലാത്തവർക്ക് കിലോഗ്രാമിന് 8.90 രൂപ നിരക്കിലും സബ്സിഡി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എ.പി.എൽ കുടുബങ്ങൾക്ക് 2/- രൂപ നിരക്കിലും അരി വിതരണം ചെയ്യുന്നു. പരമാവധി 12 കിലോഗ്രാം അരിയാണ് ഇപ്പോൾ പ്രതിമാസം നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ.